# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

നവംബർ 15

November 15

2019

*1193 തുലാം 29 വെള്ളി*

# പത്രക്കുറിപ്പ് -2



**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657**


**ഡ്യൂട്ടി/എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരെ നിയോഗിച്ചു**

ഈ വർഷത്തെ ശബരിമല തീർഥാടന കാലയളവിൽ നിലയ്ക്കൽ ബേസ് ക്യാമ്പ് ,പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ഡ്യൂട്ടി മജിസ്ട്രേറ്റുമാരെയും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരെയും നിയമിച്ചു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നിലയ്ക്കൽ ബേസ്ക്യാമ്പ്, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങളുടെ മേൽനോട്ടച്ചുമതല ഡ്യൂട്ടി മജിസ്ടേറ്റുമാർക്കാണ്. ക്രമസമാധാന പാലനം ഉറപ്പുവരുത്തുക, അടിയന്തിരഘട്ട ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഏകോപനം, വിവിധ വകുപ്പുകളുമായി ചേർന്നുള്ള ഏകോപന പ്രവർത്തനങ്ങൾ, ശുചീകരണ പ്രവർത്തനങ്ങളുടെ മേൽനോട്ടം, കടകളിലെ ഭക്ഷണ സാധനങ്ങളുടെ അളവ് തൂക്കം, ശുചിത്വ പരിശോധന എന്നിവ യഥാസമയം ഡ്യൂട്ടി മജിസ്ട്രേറ്റുമാരും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരും ഉറപ്പുവരുത്തണമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് അറിയിച്ചു.
(പ്രത്യേക പത്രക്കുറിപ്പ് 23/19)

**പാർലമെന്ററി ജനാധിപത്യം: വിദ്യാർഥികൾക്കായി മത്സരം**

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഗവ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗത്തിലെ വിദ്യാർഥികൾക്ക് മത്സരം നടത്തും. പാർലമെന്ററി ജനാധിപത്യത്തെ ആസ്പദമാക്കി തിരുവനന്തപുരം മേഖലയിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ വിദ്യാർഥികൾക്ക്) 23ന് രാവിലെ 9.30ന് തിരുവനന്തപുരം

ഓവർ ബ്രിഡ്ജിന് സമീപത്തെ ഗവ. എസ്.എം.വി.എച്ച്.എസ്.എസിൽ മത്സരങ്ങൾ നടക്കും. ക്വിസ് ഇനത്തിൽ ഒരു സ്കൂളിൽ നിന്നും രണ്ട് പേർ അടങ്ങുന്ന ഒരു ടീമിന് മത്സരിക്കാം. പ്രസംഗത്തിനും ഉപന്യാസത്തിനും ഒരു സ്കൂളിൽ നിന്നും ഒരു വിദ്യാർഥിയ്ക്ക് പങ്കെടുക്കാം. മൂന്നിനത്തിലും ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങൾക്ക് വെവ്വേറെ പങ്കെടുക്കാം. വിദ്യാർഥികളുടെ പേരുകൾ ഇ-മെയിൽ മുഖാന്തിരം 20ന് വൈകിട്ട് അഞ്ചിനു മുമ്പ് രജിസ്റ്റർ ചെയ്യണം. മേഖലാ തലത്തിൽ നിന്നും യോഗ്യത നേടുന്നവരെ സംസ്ഥാന മത്സരത്തിൽ പങ്കെടുപ്പിക്കും. ഇ-മെയിൽ: mail.inpa@gmail.com. ഫോൺ: 8547583906.
(പിഎൻപി 3163/19)

**സ്നേഹിത കോളിംഗ് ബെൽ പദ്ധതി**
**ഉദ്ഘാടനം ചെയ്തു**

കുടുംബശ്രീ മിഷൻ ഏറ്റെടുത്തിട്ടുള്ള ഏറ്റവും വലിയ പദ്ധതിയാണ് സ്നേഹിത കോളിംഗ് ബെൽ എന്ന് ആന്റോ ആന്റണി എംപി പറഞ്ഞു. ആരും ഒറ്റക്കല്ല സമൂഹം കൂടെയുണ്ട് എന്ന സന്ദേശം ഉയർത്തി കുടുംബശ്രീ നടപ്പാക്കുന്ന സ്നേഹിത കോളിംഗ് ബെൽ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം പന്തളത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തിൽ ഒറ്റപ്പെട്ടുപോയവരെ ചേർത്തുനിർത്തി സ്നേഹവും കരുതലും നൽകി ഒരു കുടുംബമായി മാറുകയാണ് നാം. കുടുംബശ്രീയുടെ കൈകളിൽ പദ്ധതി വിജയത്തിലെത്തുമെന്നും അദ്ദേഹം പറഞ്ഞു. കിടപ്പിലായ കോളിംഗ് ബെൽ അംഗം പന്തളം കടയ്ക്കാട് മൂപ്പരു വീട്ടിൽ സുലൈഖാമ്മാളിനെ എം.പി സന്ദർശിച്ചു.

നഗരസഭാ ചെയർപേഴ്സൺ ടി കെ സതി അധ്യക്ഷത വഹിച്ചു. എഡിഎംസി. എ മണികണ്ഠൻ പദ്ധതി വിശദീകരിച്ചു. സ്റ്റാൻഡിംഗ് കമ്മറ്റി അധ്യക്ഷരായ എ രാമൻ, രാധാ രാമചന്ദ്രൻ, ലസിത ആർ നായർ, കൗൺസിലർമാരായ ഹസീന, നൗഷാദ് റാവുത്തർ, പന്തളം മഹേഷ്, സുനിത വേണു, എൻ സരസ്വതിയമ്മ, കൃഷ്ണവേണി, ജി അനിൽകുമാർ, എ.ഷാ, സീന, ശ്രീലത, എം ജി രമണൻ, ഡി എം സി കെ വിധു, എ.ഡി.എം.സി കെ.എച്ച്. സെലീന എൻയുഎൽഎം മാനേജർ അജിത് കുമാർ, ഡി പി എം പി.ആർ അനുപ, സിഡിഎസ് ചെയർപേഴ്സൺ ശ്രീദേവി, വൈസ് ചെയർപേഴ്സൺ സരസ്വതി തുടങ്ങിയവർ പ്രസംഗിച്ചു.

ജില്ലയിൽ 2541 അംഗങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പന്തളം നഗരസഭയിലെ 30 അംഗങ്ങൾക്ക് ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു. സമൂഹത്തിൽ ഒറ്റപ്പെട്ടവരെ കണ്ടെത്താനുള്ള സർവ്വെ തുടരുമെന്നും ജില്ലാ മിഷൻ കോ ഓർഡിനേറ്റർ കെ.വിധു അറിയിച്ചു.
(പിഎൻപി 3164/19)

**പ്രതിരോധ കുത്തിവെപ്പ്**

ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഹോസ്പിറ്റലിന്റെയും ആഭിമുഖ്യത്തിൽ ഈമാസം 19 മുതൽ 22 വരെ പഞ്ചായത്തിലെ വിവിധ ഇടങ്ങളിൽ നായ്ക്കൾക്ക് പേവിഷബാധക്കെതിരെ പ്രതിരോധ കുത്തിവെപ്പ് നടത്തും. കുത്തിവയ്പിന് 15 രൂപയാണ് ഫീസ്.
(പിഎൻപി 3165/19)

**പെൻസിൽ ഡ്രോയിംഗ് മത്സരം ഇന്ന് (16)**

ജില്ലയിലെ ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികൾക്കായി ഇന്ന് (16) രാവിലെ 9.30ന് പത്തനംതിട്ട മണ്ണിൽ റീജൻസിയിൽ പോസ്റ്റർ രചന, പെൻസിൽ ഡ്രോയിംഗ്, കവിതാ രചനാ മത്സരങ്ങൾ നടത്തും. സർക്കാർ ചിൽഡ്രൻസ് ഹോമിലെ കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദശനവും ഒരുക്കിയിട്ടുണ്ട്.

(പിഎൻപി 3166/19)

**ലൈഫ് സർട്ടിഫിക്കറ്റ്**

ദേശീയ സമ്പാദ്യ പദ്ധതി പെൻഷൻ വാങ്ങുന്ന എല്ലാ ഏജന്റുമാരും ഡിസംബർ 31നകം ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.
(പിഎൻപി 3167/19)

**ജില്ലാ വികസന സമിതി**

ജില്ലാ വികസന സമിതി യോഗം 30ന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. 10.30ന് നടക്കുന്ന പ്രീ-ഡി.ഡി.സിയിലും ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്ന് കളക്ടർ അറിയിച്ചു.
(പിഎൻപി 3168/19)

**യോഗം 20ന്**

ചെന്നീർക്കര, ഓമല്ലൂർ, ഇലന്തൂർ, മല്ലപ്പുഴശേരി, കോഴഞ്ചേരി, നാരങ്ങാനം, ചെറുകോൽ പഞ്ചായത്തുകളിലെ കരിമ്പ് കർഷകരുടെ യോഗം 20ന് രാവിലെ 10.30ന് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരും.
(പിഎൻപി 3169/19)

**മസ്റ്ററിംഗ്**

മൈലപ്ര ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ ഈ മാസം 30നകം അക്ഷയ കേന്ദ്രം മുഖേന മസ്റ്ററിംഗ് നടത്തണം. മസ്റ്ററിംഗ് നടത്താത്ത ഗുണഭോക്താക്കൾക്ക് അടുത്ത ഗഡു മുതൽ പെൻഷൻ അനുവദിക്കില്ല. കിടപ്പുരോഗികളുടെ വിവരം 29നകം പഞ്ചായത്ത് ഓഫീസിൽ അറിയിക്കണം.

വിധവാ-അവിവാഹിത പെൻഷൻ വാങ്ങുന്ന 60 വയസിൽ താഴെയുള്ളവർ വിവാഹിത/പുനർവിവാഹിത ആയിട്ടില്ല എന്ന് ഗസറ്റഡ് ഓഫീസർ/വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് ഡിസംബറിൽ പഞ്ചായത്ത് ഓഫീസിൽ നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

വടശേരിക്കര ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് പകർപ്പ് എന്നിവയുമായി അക്ഷയ കേന്ദ്രത്തിലെത്തി 18 മുതൽ 30 വരെ മസ്റ്ററിംഗ് നടത്താം. പ്രത്യേക ഫീസ് നൽകേണ്ടതില്ല. മസ്റ്ററിംഗ് നടത്താത്തവർക്ക് പെൻഷൻ ലഭിക്കില്ല.

ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ ഈ മാസം 18 മുതൽ 30വരെ അക്ഷയ കേന്ദ്രം മുഖേന മസ്റ്ററിംഗ് നടത്താം. മസ്റ്ററിംഗ് നടത്താത്ത ഗുണഭോക്താക്കൾക്ക് അടുത്ത ഗഡു മുതൽ പെൻഷൻ അനുവദിക്കില്ല. ഡിസംബർ ഒന്നു മുതൽ അഞ്ചുവരെ കിടപ്പുരോഗികളുടെ വീടുകൾ സന്ദർശിച്ച് വിവരശേഖരണം നടത്തും.

വള്ളിക്കോട് ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ 30നകം അക്ഷയ കേന്ദ്രത്തിലെത്തി മസ്റ്ററിംഗ് നടത്തണം. പ്രത്യേക ഫീസ് നൽകേണ്ടതില്ല. കിടപ്പുരോഗികളുടെ മസ്റ്ററിംഗ് ഡിസംബർ ഒന്നു മുതൽ അഞ്ച് വരെ നടത്തും. കിടപ്പുരോഗികളുടെ വീടുകളിലെത്തി മസ്റ്ററിംഗ് നടത്തുന്നതിന് വിവരം 29നകം പഞ്ചായത്ത് സെക്രട്ടറിയെ രേഖാമൂലം അറിയിക്കണം.
(പിഎൻപി 3170/19)

**ടൂറിസ്റ്റ് ബസ്**
**വാടകയ്ക്ക് വേണം**

വടശേരിക്കര മോഡല്‍ റസിഡന്‍ഷ്യല്‍ സ്കൂള്‍ കുട്ടികളെ തിരുവനന്തപുരത്ത് നടക്കുന്ന കളിക്കളം പരിപാടിയില്‍ പങ്കെടുപ്പിക്കുന്നതിന് ഒരു ലക്ഷ്വറി ടൂറിസ്റ്റ് ബസ് വാടകയ്ക്ക് വേണം. കുട്ടികളുടെ വിനോദയാത്രയ്ക്കും 35 സീറ്റ് വീതമുള്ള രണ്ട് ടൂറിസ്റ്റ് ബസ് കൂടി ആവശ്യമുണ്ട്. ഫോണ്‍ : 04735 251153.
(പിഎന്‍പി 3171/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) സ്നേഹിത കോളിംഗ് ബെല്‍ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം പന്തളത്ത് ആന്റോ ആന്റണി എം.പി നിര്‍വഹിക്കുന്നു.
2) കളക്ടറേറ്റ് കോണ്‍ഫറന്‍സ് ഹാളില്‍ ചേര്‍ന്ന ശബരിമല അവലോകന യോഗത്തില്‍ ജില്ലാ കളക്ടര്‍ പി.ബി നൂഹ് സംസാരിക്കുന്നു.

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.